റാവു സാഹിബ്ബ് എ. മാധവപ്രഭു:

(എ) പത്തുപേക്ക് പങ്കുക്കേറവു. അതിൽ ഒരാൾ മരിച്ചു.

(ബി) കഴിഞ്ഞ 8 കൊല്ലങ്ങളായി യാതൊരു അപകടവും ഉണ്ടായതായി അറിയുന്നില്ല. അതിനുമുമ്പുള്ള കൊല്ലങ്ങളിൽ വല്ല അപകടങ്ങളും ഉണ്ടായിട്ടുണ്ടോ എന്നുള്ളതിനു് ശരിയായ റിക്കാർഡുകളൊന്നും ഇപ്പോൾ ഇല്ല.

(സി) ഇക്കൊല്ലത്തെ സംഭവത്തെ സംബന്ധിച്ചു തൃശ്ശിവപേരൂർ ടൌൺപോലീസ്സ് ഒരു കേസ്സ് റജിസ്റ്റു ചെയ്തു വേണ്ടുന്ന അന്വേഷണങ്ങളും നടത്തി മേൽ നടപടിക്കായി അപേക്ഷിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വെടിക്കെട്ടു മത്സരത്തിൽ എത്രപേർ മരിച്ചു എന്നാണു് ചോദ്യം; ഒരാൾ മരിച്ചു എന്നു മറുപടി പറഞ്ഞിട്ടും ഉണ്ടു്. എന്നാൽ മരിച്ചതു് വെടിക്കെട്ടു മത്സരം കൊണ്ടു മരിച്ചതൊ വെടിക്കെട്ടു കത്തിച്ചപ്പോൾ accident മൂലം മരിച്ചതൊ?

റാവുസാഹിബു് എ. മാധവപ്രഭു: മത്സരംകൊണ്ടു് മരിച്ചതല്ല.

മിസ്റ്റർ പി. കെ. ഡീവർ: കേസു് റജിസ്റ്റു ചെയ്തിട്ടുണ്ടെന്നു് പറഞ്ഞിട്ടുണ്ടല്ലൊ. അതു് മനപൂർവ്വം ആളെ കൊന്നു എന്നുള്ളതിനാണൊ?

Rao Sahib A. Madhava Prabhu (*Chief Secretary to Government*): I have no definite information. I think, from the other portions of the file, that it is for want of proper care being taken.

മിസ്റ്റർ പി. കെ. ഡീവർ: ഇവർ ലൈസൻസു് എടുത്തിട്ടില്ലെന്നു് ആക്ഷേപമൊന്നുണ്ടായിട്ടില്ലെ?

റാവുസാഹിബു് എ. മാധവപ്രഭു: ഇല്ല.

COST OF IMPORTED RICE—DETAILS REGARDING

234. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം പട്ടപടി പറയുമോ.—

(എ) വിദേശങ്ങളിൽനിന്നു വാങ്ങുന്ന അരി കൊച്ചി സെൻട്രൽ ഡെപ്പോവിൽ എത്തുമ്പോൾ ഒരു ചാക്കിനു എത്ര വിലവരുന്നുണ്ടു്;

(ബി) ഇതിൽ വാങ്ങിയ വില, വാഹനക്കൂലി, കമ്മീഷൻ, ഈ ഓരോ ഇനത്തിലും വരുന്ന സംഖ്യ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) (i)	സിൻറ് അരി	ക.	൩	൧	൩
(ii)	പഞ്ചാബു് അരി	ക.	൪	൩	൨
(iii)	ഇന്ത്യക്കു് പുറമെയുള്ള രാജ്യങ്ങളിൽനിന്നും വരുന്ന അരി	ക.	൮	൮	൦
(ബി) (i)	സിൻറ് അരി				
	വില	ക.	൨	൧	൩
	ഫ്രെയിറ്റു്	ക.	൨	൮	൩
	കമ്മീഷൻ	ക.	൦	൩	൩
	മറ്റു ചിലവുകൾ	ക.	൦	൧	൦
(ii)	പഞ്ചാബു് അരി				
	വില	ക.	൮	൧	൫
	ഫ്രെയിറ്റു് ടെർമിനൽ ടാക്സ്	ക.	൮	൩	൩
	കമ്മീഷൻ	ക.	൦	൩	൩
	ചാക്കു്	ക.	൦	൫	൦
	മറ്റു ചിലവുകൾ	ക.	൦	൧	൦
(iii)	ഇന്ത്യക്കു് പുറമെനിന്നും വരുന്ന അരി				
	വില	ക.	൮	൧	൦
	മറ്റു ചിലവുകൾ	ക.	൦	൧	൦

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്തു് : ഈ കണക്കുകൊണ്ടു് നമ്മുടെ രാജ്യത്തുള്ള നെല്ലിന്നു കൊടുക്കുന്ന വില വളരെ കുറവാണെന്നു ഗവമ്മെണ്ടിന്നു അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇവിടത്തെ അരിവില മറ്റു ചില രാജ്യങ്ങളിലുള്ളതിനേക്കാൾ കൂടുതലാണു്.

മിസ്റ്റർ ജോസു് കെ. വട്ടിപ്പുസ്സു് : മറ്റു ചിലവുകൾ ഉണ്ടു്. അതു് എന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : കൂലിച്ചിലവും മറ്റുമായിരിക്കണം.

മിസ്റ്റർ ജോസു് കെ. വട്ടിപ്പുസ്സു് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ടല്ലൊ കൂലിച്ചിലവു് ഉണ്ടു്. ഒപ്പൈ.യെ വരുത്തുള്ളു എന്നു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : എന്നാൽ വല്ല കമ്മിഷനൊ മറ്റൊ ആയിരിക്കും.

മിസ്റ്റർ ജോസു് കെ. വട്ടിപ്പുസ് : കമ്മീഷന്റെ ചിലവു് ഇവിടെ വേറെ കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതു് എന്തിനാണു് കൊള്ളിച്ചിട്ടുള്ളതെന്നു നോക്കി പറയാം.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്തു് : മദ്രാസ്സു് ഗവമ്മെണ്ടു് കൃഷിക്കാർക്കു സബ്സിഡി കൊടുക്കാൻ തീർച്ചയാക്കിയതായി ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉവ്വു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്തു് : അതുപോലെ ഇവിടെയും കൊടുക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഈ വക കാര്യങ്ങളൊക്കെ ഞാൻ സഭയെ അറിയിക്കുകയുണ്ടായിട്ടുണ്ടു്.

NUMBER OF STUDENTS CALLED UP AND SELECTED BY THE S. S. BOARD—DETAILS REGARDING

235. Mr. K. A. Raghavan *(Nominated)* : Will Government be pleased to state.—

(*a*) the number of candidates from the different communities called upon for the Viva-Voce test arranged by the Staff Selection Board recently;

(*b*) the minimum marks secured by the candidates from the various communities who were called up;

(*c*) the number that came out successful from the different communities after the examination;

(*d*) the number disqualified from each section after the Viva-Voce examination?

Rao Sahib K. Ayyappan *(Minister for Public Works)* :

(*a*), (*b*), (*c*) and (*d*) Please see the statement attached. *(Appendix I).*

മിസ്റ്റർ പി. നാരായണമേനോൻ : ഈ Viva Voce Test നടത്തിയതു് Candidates-ന്റെ പ്രാപ്തി അവരുടെ വ്യക്തിത്വം, വിജ്ഞാനം മുതലായവ അറിയുവാനാണൊ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ : അവരുടെ പ്രാപ്തിയും സാമാന്യ ജ്ഞാനവും മറ്റും നോക്കും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അതിന്റെ സമ്പ്രദായം ഇവിടെ ഒന്നു കാണിക്കാമോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ : ആ സമ്പ്രദായം നേരിട്ടു കണ്ടു മനസ്സിലാക്കുകയല്ലാതെ കാണിച്ചുതരുവാൻ പ്രയാസമാണു്.

മിസ്റ്റർ പി. നാരായണമേനോൻ : Candidates-ന്റെ പാണ്ഡിത്യം അറിയുവാനാണെന്നുണ്ടെങ്കിൽ സംസ്കൃത മുൻഷിമാരേയും പണ്ഡിതന്മാരേയും വിദ്വാന്മാരേയും പരീക്ഷിക്കുവാൻ ആ വിഷയത്തിൽ പാണ്ഡിത്യമുള്ള ആളുകൾ സ്റ്റാഫ് സെലക്ഷൻ ബോർഡിലുണ്ടൊ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ : അവരുടെ ടെക്നിക്കലായിട്ടുള്ള വിഷയത്തെപ്പറ്റിയുള്ള ജ്ഞാനം പരീക്ഷിക്കുകയല്ല ഉദ്ദേശം; സാമാന്യ ജ്ഞാനവും മറ്റും നോക്കുകയാണു് ചെയ്യുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ : Viva Voce test-ന്നു ഹാജരായ സംസ്കൃതപണ്ഡിതന്മാരോടു് 'സംസ്കൃതത്തിൽ ചോദിക്കുവാൻ ഞങ്ങൾക്കു അറിഞ്ഞുകൂടാ; അതുകൊണ്ടു നിങ്ങൾ പോയിക്കൊള്ളുക' എന്നു പറഞ്ഞിട്ടില്ലെ?

LIBRARY ARCHIVES Kerala Legislative Assembly